# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2496** **09.12.2014** ൽ മറുപടിയ്ക്ക്

## കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിൽ കിനാനൂർ - കരിന്തളം പഞ്ചായത്തിലെ കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിൽ കിനാനൂർ വില്ലേജിൽ റീ.സർവ്വേ നമ്പർ 198/പാർട്ട് ഉൾപ്പെടുന്ന 80.9370 ഹെക്ടർ സർക്കാർ പുറമ്പോക്കു ഭൂമിയിൽ ജി.ഒ.(എം.എസ്) 54/07/ഐ.ഡി തീയതി 25.4.2007 പ്രകാരം ബോക്സൈറ്റ് ഖനനത്തിന് മെ.ആഷാപുര മൈൻകെം ലിമിറ്റഡ്, മുംബൈ എന്ന കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വ്യാപക പരാതിയും, പ്രസ്തുത ഭൂമി സീറോ ലാൻഡ് ലെസ് സ്കീമിൽ ഉൾപ്പെട്ടതാണെന്ന കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് തുടർ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അന്വേഷണം നടന്നു വരുന്നു. |
| (ബി) | എങ്കിൽ ഏത് കമ്പനിയുടെ അപേക്ഷ പ്രകാരമാണ് ഇത്തരത്തിൽ നടപടികൾ തുടങ്ങാൻ ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | മെ.ആഷാപുര മൈൻകെം ലിമിറ്റഡ്, ജീവൻ ഉദ്യോഗ് ബിൽഡിംങ്, മൂന്നാം നില, 278 ഡി.എൻ.റോഡ്, ഫോർട്ട്, മുംബൈ-400 001 എന്ന കമ്പനിയുടെ. |
| (സി) | അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; വിശാദാംശങ്ങൾ അറിയിക്കാമോ? | (സി) | മൈനിങ് ലീസ് അനുവദിച്ച സ്ഥലം പുറമ്പോക്കു ഭൂമി ആയതിനാൽ മിനറൽ കൺസഷൻ റൂൾസ് 1960 ലെ റൂൾ 22(3) ബി പ്രകാരം ഖനനം നടത്തുന്നതിനു മുൻപായി ജില്ലാ കളക്ടറിൽ നിന്നും നിരാക്ഷേപ പത്രം, ഇന്ത്യൻ ബ്യൂറോ |

| | | | |
|---|---|---|---|
| | | | ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ് അംഗീകരിച്ച മൈൻ പ്ളാൻ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും സർവ്വേ മാപ്പ് എന്നിവ ഹാജരാക്കാത്തതിനാൽ ലീസ് ഡീഡ് എക്സിക്യൂട്ട് ചെയ്തിട്ടില്ല. ലീസ് ഡീഡ് എക്സിക്യൂട്ട് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി 22.11.2014 ൽ അവസാനിച്ചു. തുടർന്ന്, കമ്പനിക്ക് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടില്ല. ഈ പ്രദേശങ്ങളിൽ ഖനനം നടത്തുന്നതിനെതിരെ ഉയർന്നുവന്ന വമ്പിച്ച പൊതുജന പ്രക്ഷോഭവും, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ഉയർത്തിയ പ്രതിഷേധവും കണക്കിലെടുത്ത്, ടി ഖനനാനുമതി സർക്കാർ പുനഃപരിശോധിച്ചു വരികയാണ്. കൂടാതെ പരാമർശിത സ്ഥലം സീറോ ലാൻഡ് ലെസ്സ് സ്കീമിൽ ഉൾപ്പെട്ടതാണെന്നും ആയത് സ്വകാര്യ കമ്പനിക്ക് ഖനനത്തിന് വിട്ടു നൽകാവുന്നതല്ലെന്നും, കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചു. ആയതിനാൽ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്താൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റവന്യൂ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**